പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6256 — 10.07.2012 ൽ മറുപടിയ്ക്ക്

**വയോമിത്രം പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, കെ. അജിത്<br>,, ഇ. കെ. വിജയൻ<br>,, കെ. രാജു | **ഡോ. എം.കെ. മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ | സംസ്ഥാനത്ത് വയോമിത്രം പദ്ധതി ആരംഭിച്ചതെന്നാണ് ; | എ | വയോമിത്രം പദ്ധതി 2011 ഫെബ്രുവരി 21 നാണ് ആരംഭിച്ചത് |
| ബി | വയോജനങ്ങൾക്കായി ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ? | ബി | സംസ്ഥാനത്ത് വയോജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപവത്ക്കരിക്കുന്നതിന് വയോജനനയം നിലവിലുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും പരിരക്ഷയ്ക്കായി റവന്യൂ ഡിവിഷണൽ ഓഫീസർമാരുടെ അദ്ധ്യക്ഷതയിൽ ഓരോ സബ് ഡിവിഷനുകളിലും മെയിന്റനൻസ് ട്രിബ്യൂണലുകളും ജില്ലകളിൽ കളക്ടർമാർ അദ്ധ്യക്ഷരായി അപ്പല്ലേറ്റ് ട്രിബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ 15 വൃദ്ധമന്ദിരങ്ങൾ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനങ്ങളിലെ അന്തേവാസികളുടെ സംരക്ഷണത്തിനായി പ്രതിമാസം 750/- രൂപയും മരുന്നിന് 300/- രൂപയും വസ്ത്രത്തിന് പ്രതിവർഷം 1000/- രുപയും അനുവദിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് സർക്കാർ ഗ്രാന്റോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങൾ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം 250 /- രുപ നിരക്കിൽ ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് വയോജനങ്ങൾക്ക് 400/- രൂപ നിരക്കിൽ പ്രതിമാസം വയോജന പെൻഷൻ നൽകിവരുന്നു. ടി പെൻഷൻ 80 വയസ്സിനു മുകളിലുള്ളവർക്ക് 900/- രൂപയായും മറ്റുള്ളവർക്ക് 525/- രൂപയായും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>വയോജനങ്ങൾക്കായുള്ള വൃദ്ധ സദനങ്ങൾ, മൊബൈൽ മെഡി കെയർ യൂണിറ്റ് എന്നിവ നടത്തുന്നതിനും വൃദ്ധസദനങ്ങൾ നിർമ്മിക്കുന്നതിനും സാമൂഹ്യ ക്ഷേമ വകുപ്പു വഴി ധനസഹായം നൽകുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ട്.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ആരംഭിക്കുന്ന വയോജനങ്ങൾക്കായുള്ള മന്ദിരങ്ങൾ/പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെ ആവർത്തന ചെലവുകൾക്ക് ഫണ്ട് അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>65 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനും ദൈനംദിന ജീവിതം സുഗമമാക്കുന്നതിനും വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന വയോമിത്രം പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ